**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1678** **08-12-2022 - ൽ മറുപടിയ്ക്ക്**

**താലൂക്ക് സർവെയർമാരുടെ സേവനം സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | മരാമത്ത് പണികൾ നടക്കുമ്പോൾ പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തുന്നതിന് താലൂക്ക് സർവെയർമാരുടെ സേവനം സമയബന്ധിതമായി ലഭിക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തികൾ നടത്തുന്നതിന് കാലതാമസവും തർക്കങ്ങളും നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള തരംമാറ്റ അപേക്ഷകളുടെ പ്രോസസ്സ്, വിവിധ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ എന്നിവ പുരോഗമിക്കുന്ന സാഹചര്യത്തിൽ താലൂക്ക് സർവെയർമാരുടെ ജോലിത്തിരക്കും സർവ്വേയർമാരുടെ അഭാവവും മൂലം വിവിധ അനുബന്ധ പ്രവർത്തനങ്ങൾക്ക് സർവ്വേയർമാരുടെ സേവനം സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുന്നില്ല. ഇത് പരിഹരിക്കുന്നതിനായി ഡ്രാഫ്റ്റ്സ്മാൻ തസ്തികകൾ സർവ്വേയർ തസ്തികകളാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ